*➩ ഈ രീതി എല്ലാ സ്വേച്ഛാധിപത്യങ്ങളും ഏറ്റവുമെളുപ്പം, ഏറ്റവുമാദ്യം ആശ്രയിക്കുന്ന ഒരു മാർഗ്ഗമാണ് ➩*

# ഹിംസ മാത്രം ആശ്രയിക്കുന്ന ഭരണകൂടം

**ഡോ. സി.എസ്. വെങ്കിടേശ്വരൻ**

**അധികാരം**, ആർത്തി, പണം ഇവയുടേതല്ലാത്ത ഒരു ഭാഷയും നമ്മുടെ ഭരണകൂടത്തിനും വ്യവസ്ഥയ്ക്കും പരിചിതമല്ലാതായിരിക്കുന്നു എന്നു മാത്രമല്ല, അതിനു പുറത്തുള്ള ഏതൊരു സംസാരവും പ്രകാശനവും പ്രവർത്തനവും അതിനു പ്രകോപനപരമായും ഭീഷണിയായും അനുഭവപ്പെടുകയും ചെയ്യുന്നു; അതുകൊണ്ടാണല്ലോ നമ്മുടെ ഭരണകൂടവും സദാചാരവ്യവസ്ഥയും പ്രണയചുംബനത്തേയും മനുഷ്യർ തമ്മിലുള്ള പുണരലിനേയും പ്രകൃതിസ്നേഹത്തേയും ഹിംസയ്ക്കെതിരായുള്ള പ്രവർത്തനങ്ങളേയും എല്ലാം അങ്ങേയറ്റം ഭയക്കുന്നതും 'മുളയിലേ നുള്ളിക്കളയാൻ' വിറളിപിടിക്കുന്നതും. അധികാരത്തിന്റേയും ആർത്തിയുടേയും പണത്തിന്റേയും ഭാഷ സംസാരിക്കുന്ന വ്യവസ്ഥാപിത രാഷ്ട്രീയ പ്രവർത്തനങ്ങൾ, പാർട്ടികൾ, പ്രതിരോധ മാർഗ്ഗങ്ങൾ അവ അക്രമാസക്തമോ ജനജീവിതത്തെ മലിനപ്പെടുത്തുന്നതോ ആയാൽ പോലും ഭരണകൂടത്തിന് ഹിതമാണ്; അവരും സ്വന്തം ഭാഷയാണ് സംസാരിക്കുന്നത് എന്നതിനാൽ രണ്ടുകൂട്ടർക്കും 'കളിയുടെ നിയമങ്ങൾ' പരിചിതവും അവർ കാലങ്ങളായി പങ്കിട്ടു ശീലിച്ചവയുമാണ്. എന്നാൽ ഏറ്റവും സ്വാഭാവികവും ജൈവികവും മാനുഷികവും ആയ പ്രകാശനങ്ങൾ അവർക്ക് വിചിത്രവും യുക്തിരഹിതവും അന്യവും ഭയപ്പെടുത്തുന്നതുമാണ്, അതിനാൽ തന്നെ അവയെ എങ്ങിനെ നേരിടണമെന്നുള്ള കാര്യത്തിൽ അധികാരികൾക്ക് ആശയക്കുഴപ്പമുണ്ട്. ഹിംസ എന്ന ഒരൊറ്റ അസ്ഥായുധമേ അവർക്ക് ആശ്രയമുള്ളൂ എന്ന് അടുത്ത് നടന്ന ഭരണകൂടപ്രതികരണങ്ങൾ വ്യക്തമാക്കുന്നു.

കേരളത്തിൽ ഉയർന്നുവരുന്ന അഹിംസാത്മകവും ജൈവികവുമായ ഇത്തരം കുതറലുകളെ 'കൈകാര്യം' ചെയ്യുന്ന മറ്റൊരു രീതിയാണ് അവയെ വ്യവസ്ഥാപിതമായ ചില ഗണങ്ങളുമായി കൂട്ടിക്കെട്ടുക എന്നത്: തീവ്രവാദം, മാവോയിസം, വിഘടനവാദം, രാജ്യദ്രോഹം തുടങ്ങിയ പദങ്ങൾ അവയ്ക്കു ചാർത്തിക്കൊടുക്കുക, എന്നിട്ട് അവയെ ഉന്മൂലനം ചെയ്യാനുള്ള അല്ലെങ്കിൽ അത്തരം ശ്രമങ്ങൾക്കു പിന്നിലുള്ളവരുടെ മനുഷ്യാവകാശങ്ങൾ ലംഘിക്കാനുള്ള ലൈസൻസ് നേടുക എന്ന ഈ രീതി എല്ലാ സ്വേച്ഛാധിപത്യങ്ങളും ഏറ്റവുമെളുപ്പം, ഏറ്റവുമാദ്യം ആശ്രയിക്കുന്ന ഒരു മാർഗ്ഗമാണ്. അതുതന്നെയാണ് ഇപ്പോൾ കേരളത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്.

ദശകങ്ങളായി മലയാളിയുടെ പൊതുമണ്ഡലത്തിന്റെ നൈതികജാഗ്രത നിലനിർത്തുന്ന, കേരളത്തിന്റെ മനഃസാക്ഷി എന്നു വിശേഷിപ്പിക്കാവുന്ന, കേരളീയം മാസികയ്ക്കെതിരെ നടന്ന കയ്യേറ്റം അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്. ■